No. CEE/4600/2019/KEAM-2020/TA3

കേരളസർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

## പത്രക്കുറിപ്പ്

## എം.ബി.ബി.എസ്കോഴ്സിലേക്കുള്ള പ്രവേശനം–2020
## എൻ.ആർ.ഐ സീറ്റുകളിലേയ്ക്കുള്ള പ്രവേശനം

2020–21 അദ്ധ്യയന വർഷത്തെ എം.ബി.ബി.എസ്കോഴ്സിന് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ രണ്ടാം റൗണ്ട് എൻ.ആർ.ഐ സ്ട്രേ വേക്കൻസി നികത്തിലിന് ശേഷവും സീറ്റുകൾ ഒഴിവുള്ളതിനാൽ എൻ.ആർ.ഐ ക്വാട്ട സീറ്റുകളിലേയ്ക്കുള്ള പ്രവേശന തീയതി 05.01.2021, 3.00 മണിയായി ദീർഘിപ്പിച്ചു നൽകിയിരിക്കുന്നു. സ്ട്രേ വേക്കൻസി റൗണ്ട് രണ്ടിനായി പ്രസിദ്ധീകരിച്ച സാധ്യതാ പട്ടിക പ്രകാരം പ്രവേശനം നേടിയ വിദ്യാർത്ഥികളെ ഒഴിവാക്കി സാധ്യതാ പട്ടിക –3 പ്രവേശന പരീക്ഷാ കമ്മീഷണർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ റാങ്ക് അടിസ്ഥാനത്തിൽ മാത്രമേ അതത് കോളേജുകൾ പ്രവേശനത്തിനായി പരിഗണിക്കുകയുള്ളൂ. സാധ്യതാലിസ്റ്റ് 3 ൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ 05.01.2021 വൈകുന്നേരം 3.00 മണിയ്ക്ക് മുമ്പായി ഒഴിവുള്ളതും താത്പര്യമുള്ളതുമായ കോളേജുകളുമായി ബന്ധപ്പെട്ട് പ്രവേശന നടപടികൾ പൂർത്തിയാക്കേണ്ടതാണ്. 05.01.2021, വൈകുന്നേരം, 3.00 മണിവരെ ഹാജരാകുന്ന എല്ലാവിദ്യാർത്ഥികളുടേയും സർട്ടിഫിക്കറ്റ്വെരിഫിക്കേഷൻ നടത്തിയ ശേഷം റാങ്കിന്റെ അടിസ്ഥാനത്തിൽ 3.00 മണിയ്ക്കുശേഷം യോഗ്യരായ വിദ്യാർത്ഥികൾക്ക് അതത് കോളേജുകളിൽ പ്രവേശനം നൽകുന്നതാണ്. പ്രവേശന മാനദണ്ഡങ്ങൾ പൂർണമായും പാലിച്ചായിരിക്കും പ്രവേശന നടപടികൾ പൂർത്തിയാക്കുന്നത്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

തിരുവനന്തപുരം
01.01.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**